## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4201      20.03.2018-ൽ മറുപടിയ്ക്ക്.

### തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി. ബിൽ ഈടാക്കുന്നത് എന്ത് സംവിധാനം ഉപയോഗിച്ചാണ്; പഴയകാലത്ത് സ്ഥാപിച്ചിട്ടുള്ള ഇൻകാൻഡസെന്റ്/ഫ്ലൂറസെന്റ് ലാമ്പുകൾക്ക് ചെലവാകുന്ന അത്രയും വാട്ടിന് അനുസരിച്ചുള്ള തുക ഇപ്പോഴും കെ.എസ്.ഇ.ബി.യ്ക്ക് പഞ്ചായത്തുകൾ അടയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുള്ള പഞ്ചായത്തുകൾ, മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലും മറ്റുള്ളവ തെരുവ് വിളക്കിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുമാണ് കെ.എസ്.ഇ.ബി ബിൽ ഒടുക്കുന്നത്. മീറ്റർ സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ചെലവാകുന്ന അത്രയും വാട്ടിന് അനുസരിച്ചിട്ടുള്ള തുക ഇപ്പോഴും കെ.എസ്.ഇ.ബിയ്ക്ക് അടയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉപയോഗിക്കുന്ന വൈദ്യുതിക്ക് അനുസരിച്ച് തുക ഈടാക്കുവാൻ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചാൽ ഭീമമായ പാഴ് ചെലവ് ഒഴിവാക്കാനാവില്ലേ; | (ബി) | ഒഴിവാക്കാനാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതുവരെ സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ഇത്തരത്തിൽ വഴിവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്; | (സി) | സംസ്ഥാനത്തെ 212 ഗ്രാമ പഞ്ചായത്തുകളിൽ വഴി വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട് |
| (ഡി) | ഈ പഞ്ചായത്തുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന് മുമ്പുള്ള തുകയും ഇപ്പോഴുള്ള തുകയും തമ്മിലുള്ള അന്തരം എത്രയാണെന്ന് പറയാമോ? | (ഡി) | പഞ്ചായത്തുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിനു മുമ്പുള്ള തുകയും ഇപ്പോഴുള്ള തുകയും തമ്മിൽ 35,87,705/- രൂപയുടെ അന്തരം ഉള്ളതായി കാണുന്നു. |

സെക്ഷൻ ഓഫീസർ